# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1267 — 01.07.2015 ൽ മറുപടിയ്ക്ക്

### നിത്യോപയോഗസാധനങ്ങളുടെ ന്യായവില

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. കെ.ശിവദാസൻ നായർ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നിത്യോപയോഗ സാധനങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് മിഷൻ 676 അനുസരിച്ച് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; | (എ) യും (ബി) യും (സി) യും | മിഷൻ 676 ൽ പരാമർശിക്കപ്പെട്ട നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനായി സംസ്ഥാന സർക്കാർ സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |
| (ബി) ഏതെല്ലാം ഏജൻസികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | | |
| (സി) പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (ഡി) യും | നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിലയിൽ സപ്ലൈകോ വില്പനശാലകൾ വഴി വിറ്റുവരുന്നു. |
| (ഡി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | | |

| ക്രമ നം. | ഇനം | നിലവിലെ സബ്സിഡി വില |
|---|---|---|
| 1 | ചെറുപയർ | 74.00 |
| 2 | ഉഴുന്ന് ബോൾ | 66.00 |
| 3 | വൻകടല | 43.00 |
| 4 | വൻപയർ | 45.00 |
| 5 | തുവരപരിപ്പ് | 65.00 |
| 6 | മുളക് | 75.00 |
| 7 | മല്ലി | 100.00 |
| 8 | പഞ്ചസാര | 25.00 |
| 9 | ജയ അരി | 25.00 |
| 10 | കുറുവ അരി | 25.00 |
| 11 | മട്ട അരി | 25.00 |
| 12 | പച്ചരി സോർട്ടക്സ് | 23.00 |
| 13 | വെളിച്ചെണ്ണ (ലിറ്ററിന്) | 130.00 |

അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 5-30% വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം

നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു.

ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് ഒരു കിലോ പായ്ക്കറ്റിന് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും, 1300 ഓളം സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു.

ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക്പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റ് വരുന്നു. കൂടാതെ സാമ്പാർപൊടി, രസപൊടി, ചിക്കൻമസാല, പുട്ടുപൊടി, അപ്പംപൊടി തുടങ്ങിയവ ശബരി ബ്രാന്റിൽ പുതിയതായി പൊതുവിപണിയിൽ എത്തിച്ചിട്ടുണ്ട്.

ഉത്സവ കാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവ കാലങ്ങളിൽ പ്രത്യേക ഉത്സവ കാല ചന്തകൾ സംഘടിപ്പിച്ച് വരുന്നു. കൂടാതെ എല്ലാ അദ്ധ്യയന വർഷാരംഭങ്ങളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട്ബുക്ക്, പെൻസിൽ, പേന, ഇൻസ്ട്രുമെന്റ് ബോക്സ്, ബാഗുകൾ, കുടകൾ തുടങ്ങിയ എല്ലാ പഠനോപകരണങ്ങളും ശരാശരി 20% വിലക്കുറവിൽ ലഭ്യമാക്കി വരുന്നു.

ഇങ്ങനെ പൊതുവിപണിയിൽ സജീവമായി ഇടപെട്ട് നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കി വിലക്കയറ്റം പിടിച്ചു നിർത്താൻ സഹായിക്കുന്നു.

Beena

സെക്ഷൻ ഓഫീസർ .